File No.LSGD-DD2/490/2018/-LSGD

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന അക്രഡിറ്റഡ് എഞ്ചിനീയർ, ഓവർസിയർ തസ്തികകളുടെ യോഗ്യത ഭേദഗതി ചെയ്തും നിയമന രീതി പരിഷ്കരിച്ചും ഉത്തരവാകുന്നു.

==================================================================

**തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്**

**G.O.(Ms) No.153/2019/LSGD** **തീയതി, തിരുവനന്തപുരം, 30.11.2019**

==================================================================

പരാമർശം: 1.സ.ഉ.(കൈ) നം.68/2006/ത.സ്വ.ഭ.വ തീയതി 28.02.2006
2. സ.ഉ.(കൈ) നം.1/2009/ത.സ്വ.ഭ.വ തീയതി 02.01.2009
3.സ.ഉ.(കൈ) നം.167/2009/ത.സ്വ.ഭ.വ തീയതി 26.08.2009
4.സ.ഉ.(സാധാ) നം.2922/2011/ത.സ്വ.ഭ.വ തീയതി 09.02.2011
5.സ.ഉ.(സാധാ) നം.298/2013/ത.സ്വ.ഭ.വ തീയതി 04.02.2013
6.സ.ഉ.(സാധാ) നം.506/2013/ത.സ്വ.ഭ.വ തീയതി 28.02.2013
7.മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 05.10.2018,05.07.2019 തീയതികളിലെ 2324/ഇ.ജി.എസ്.ബി/18 നമ്പർ കത്തുകൾ

## ഉത്തരവ്

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ സിവിൽ എഞ്ചിനിയറിംഗ് ബിരുദധാരികളെ അസിസ്റ്റന്റ്/അക്രഡിറ്റഡ് എഞ്ചിനീയറായും ഗ്രാമപഞ്ചായത്ത് തലത്തിൽ അഗ്രികൾച്ചറൽ/ സിവിൽ എഞ്ചിനിയറിംഗ് ബിരുദധാരികളെ അസിസ്റ്റന്റ്/അക്രഡിറ്റഡ് എഞ്ചിനിയറായും ഇവരുടെ അഭാവത്തിൽ അഗ്രികൾച്ചർ എഞ്ചിനിയറിംഗ്/സിവിൽ എഞ്ചിനിയറിംഗ് ഡിപ്ലോമധാരികളെ ഓവർസിയറായും കരാർ വ്യവസ്ഥയിൽ നിയമിക്കാൻ പരാമർശം(1) പ്രകാരം അനുമതി നൽകിയിരുന്നു. പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി തൊഴിലുറപ്പ് മിഷന്റെ സ്ഥാപന സംവിധാനം വ്യക്തമാക്കുന്ന പരാമർശം (3) ഉത്തരവിലും അസിസ്റ്റന്റ്/അക്രഡിറ്റഡ് എഞ്ചിനീയർമാരുടേയും ഓവർസിയർമാരുടേയും യോഗ്യത മേൽപറഞ്ഞതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പല ഗ്രാമപഞ്ചായത്തുകളിലും യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഐ.ടി.ഐ./NCVT സർട്ടിഫിക്കറ്റ് യോഗ്യതയുള്ളവരെ ഓവർസിയർമാരായി നിയമിക്കുകയും യോഗ്യതയുടെ അടിസ്ഥാനത്തിൽ ഡിപ്ലോമ ഓവർസിയർമാർക്കും സർട്ടിഫിക്കറ്റ് ഓവർസിയർമാർക്കും വ്യത്യസ്ത നിരക്കിൽ ശമ്പളം അനുവദിക്കുകയും ചെയ്യുകയുണ്ടായി.

2. പരാമർശം (2) പ്രകാരം ഇൻവെസ്റ്റിഗേഷൻ, സർവ്വേയിംഗ്, പ്ലാനിംഗ്, ലെവലിങ്, മണ്ണ്-ജല സംരക്ഷണം, എസ്റ്റിമേറ്റ് തയ്യാറാക്കലും അളവുകൾ രേഖപ്പെടുത്തലും, മെഷർമെന്റ് ബുക്ക്

സൂക്ഷിക്കൽ, മൺപണികൾ, കിണറുകൾ, കുളങ്ങൾ എന്നിവയുടെ നിർമ്മാണ മേൽനോട്ടം എന്നീ മേഖലകളിൽ 5 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയമുള്ള സിവിൽ/അഗ്രികൾച്ചർ എഞ്ചിനീയറിംഗ് ഡിപ്ലോമധാരികളെ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കരാർ അടിസ്ഥാനത്തിൽ അസിസ്റ്റന്റ്/അക്രഡിറ്റഡ് എഞ്ചിനീയർമാരായി നിയമിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സംസ്ഥാനത്തെ കൃഷി/ മണ്ണ് സംരക്ഷണം/മരാമത്ത് വകുപ്പുകൾ/ കെ.എസ്.ഇ.ബി/കെ.ഡബ്ല്യു.എ എന്നീ സ്ഥാപനങ്ങൾ, പി.ഡബ്ല്യു.ഡി.യുടെ എ ക്ലാസ് കോൺട്രാക്ടർമാർ എന്നിവരിൽ നിന്നുള്ള എക്സ്പീരിയൻസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അസിസ്റ്റന്റ്/അക്രഡിറ്റഡ് എഞ്ചിനീയർമാരായി കരാർ അടിസ്ഥാനത്തിൽ നിയമനം നടത്താവുന്നതാണെന്നും എ ക്ലാസ് കോൺട്രാക്ടർമാരിൽ നിന്നുള്ള എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് ബ്ലോക്കുതല സാങ്കേതിക ഉപദേശക സമിതി പരിശോധിക്കേണ്ടതാണെന്നും ടി സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പരാമർശം (4) ഉത്തരവ് പ്രകാരം ഡിപ്ലോമ ഓവർസിയർമാരുടെയും സർട്ടിഫിക്കറ്റ് ഓവർസിയർമാരുടെയും ശമ്പളം ഏകീകരിച്ച സാഹചര്യത്തിൽ സംസ്ഥാനത്ത് പല തദ്ദേശ സ്ഥാപനങ്ങളിലും സർട്ടിഫിക്കറ്റ് യോഗ്യതയുള്ള ഓവർസീയർമാർക്ക് 5 വർഷം എക്സ്പീരിയൻസിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരായി നിയമനം/സ്ഥാനക്കയറ്റം നല്കുകയുണ്ടായി. ഇത്തരത്തിലുള്ള സ്ഥാനക്കയറ്റം പലപ്പോഴും കോടതി വ്യവഹാരങ്ങൾക്കും മറ്റും ഇടയാക്കുന്നതിനാൽ ഈ വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും കൂടാതെ തൊഴിലുറപ്പ് പദ്ധതിയിൽ വന്നിട്ടുള്ള കാലാനുസൃത മാറ്റങ്ങളും, പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനും സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനും SECURE സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വരുന്ന സാഹചര്യവും പരിഗണിച്ച് അതിനനുസൃതമായ സാങ്കേതിക വൈദഗ്ധ്യവും പ്രവൃത്തി പരിചയവുമുള്ള എഞ്ചിനിയറിംഗ് ജീവനക്കാരെ നിയമിക്കേണ്ടത് വളരെ അത്യാവശ്യമാണെന്നത് കൂടി കണക്കിലെടുത്ത് നിലവിലുള്ള സാങ്കേതിക തസ്തികകളിലെ യോഗ്യതയും നിയമനരീതിയും ഭേദഗതി വരുത്തുന്നതിനുള്ള ശുപാർശ ചെയ്തുകൊണ്ടും പരാമർശം (7) പ്രകാരം മിഷൻ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യങ്ങൾ പരിഗണിച്ച് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിൽ നിലവിലുള്ള സാങ്കേതിക തസ്തികകളിലേയ്ക്കുള്ള നിയമനത്തിന് ചുവടെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

| തസ്തിക | യോഗ്യത | നിയമനരീതി |
|---|---|---|
| അക്രഡിറ്റഡ് എഞ്ചിനിയർ (ബ്ലോക്ക് പഞ്ചായത്ത് ) | സിവിൽ/അഗ്രിക്കൾച്ചറൽ എഞ്ചിനിയറിംഗ് ഡിഗ്രി.മേൽ പറഞ്ഞ യോഗ്യതയുള്ളവരുടെ അഭാവത്തിൽ ചുവടെ പറയുന്ന ഏതെങ്കിലും യോഗ്യതയുള്ളവരെ പരിഗണിക്കാവുന്നതാണ്.<br><br>(a) മൂന്ന് വർഷ പോളിടെക്നിക് സിവിൽ ഡിപ്ലോമയും കുറഞ്ഞത് അഞ്ച് വർഷം തൊഴിലുറപ്പ് പദ്ധതി/തദ്ദേശ സ്വയംഭരണ/ സർക്കാർ/ അർദ്ധസർക്കാർ/ പൊതുമേഖലാ/ സർക്കാർ മിഷൻ/ സർക്കാർ ഏജൻസി | ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് ആവശ്യമായ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്കായി പബ്ലിക് റിലേഷൻസ് വകുപ്പ് നിശ്ചയിച്ചിട്ടുള്ള കുറഞ്ഞത് രണ്ട് ഡി&സി കാറ്റഗറി പത്രങ്ങളിൽ ഇതിനായുള്ള പരസ്യം നൽകി അപേക്ഷ ക്ഷണിക്കണം<br>ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, എൽ.എസ്.ജി.ഡി.അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, അഗ്രിക്കൾച്ചർ അസിസ്റ്റന്റ് ഡയറക്ടർ എന്നിവർ ഉൾപ്പെടുന്ന ഇന്റർവ്യൂ സമിതി ചേർന്ന് ഇന്റർവ്യൂ |

| | | |
|---|---|---|
| | എന്നീ സ്ഥാപനങ്ങളിലെ പ്രവൃത്തി പരിചയവും.<br>(b) രണ്ട് വർഷ ഡ്രാഫ്റ്റ്സ്മാൻ സിവിൽ ഡിപ്ലോമയും കുറഞ്ഞത് പത്ത് വർഷം തൊഴിലുറപ്പ് പദ്ധതി/തദ്ദേശ സ്വയംഭരണ/ സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ/സർക്കാർ മിഷൻ/ സർക്കാർ ഏജൻസി എന്നീ സ്ഥാപനങ്ങളിലെ പ്രവൃത്തി പരിചയവും. | നടത്തി അപേക്ഷകരിൽ നിന്നും തെരഞ്ഞെടുക്കുക. |
| അക്രഡിറ്റഡ് എഞ്ചിനിയർ (ഗ്രാമ പഞ്ചായത്ത്) | സിവിൽ/അഗ്രിക്കൾച്ചറൽ എഞ്ചിനിയറിംഗ് ഡിഗ്രി.<br>മേൽപറഞ്ഞ യോഗ്യതയുള്ള വരുടെ അഭാവത്തിൽ ചുവടെ പറയുന്ന ഏതെങ്കിലും യോഗ്യതയുള്ളവരെ പരിഗണിക്കാവുന്നതാണ്.<br>(a)മൂന്ന് വർഷ പോളിടെക്നിക് സിവിൽ ഡിപ്ലോമയും കുറഞ്ഞത് അഞ്ച് വർഷം തൊഴിലുറപ്പ് പദ്ധതി/തദ്ദേശ സ്വയംഭരണ / സർക്കാർ/ അർദ്ധസർക്കാർ/ പൊതുമേഖലാ/സർക്കാർ മിഷൻ/ സർക്കാർ ഏജൻസി എന്നീ സ്ഥാപനങ്ങളിലെ പ്രവൃത്തി പരിചയവും.<br>(b) രണ്ട് വർഷ ഡ്രാഫ്റ്റ്സ്മാൻ സിവിൽ ഡിപ്ലോമയും കുറഞ്ഞത് പത്ത് വർഷം തൊഴിലുറപ്പ് പദ്ധതി/തദ്ദേശ സ്വയംഭരണ/ സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ/സർക്കാർ മിഷൻ/ സർക്കാർ ഏജൻസി എന്നീ സ്ഥാപനങ്ങളിലെ പ്രവൃത്തി പരിചയവും | ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് ആവശ്യമായ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്കായി പബ്ലിക് റിലേഷൻസ് വകുപ്പ് നിശ്ചയിച്ചിട്ടുള്ള കുറഞ്ഞത് രണ്ട് ഡി&സി കാറ്റഗറി മലയാളം പത്രങ്ങളിൽ ഇതിനായുള്ള പരസ്യം നൽകി അപേക്ഷ ക്ഷണിക്കണം.<br>ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, എൽ.എസ്.ജി.ഡി.അസിസ്റ്റന്റ് എഞ്ചിനിയർ, കൃഷി ഓഫീസർ എന്നിവർ ഉൾപ്പെടുന്ന ഇന്റർവ്യൂ സമിതി ചേർന്ന് ഇന്റർവ്യൂ നടത്തി അപേക്ഷകരിൽ നിന്നും തെരഞ്ഞെടുക്കുക. |
| അക്രഡിറ്റഡ് ഓവർസിയർ (ഗ്രാമ പഞ്ചായത്ത്) | മൂന്ന് വർഷ പോളിടെക്നിക്ക് സിവിൽ ഡിപ്ലോമ<br>അല്ലെങ്കിൽ<br>രണ്ട് വർഷ ഡ്രാഫ്റ്റ്സ്മാൻ സിവിൽ ഡിപ്ലോമ. | ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് ആവശ്യമായ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്കായി പബ്ലിക് റിലേഷൻസ് വകുപ്പ് നിശ്ചയിച്ചിട്ടുള്ള കുറഞ്ഞത് രണ്ട് ഡി&സി കാറ്റഗറി മലയാളം പത്രങ്ങളിൽ ഇതിനായുള്ള പരസ്യം നൽകി അപേക്ഷ ക്ഷണിക്കണം<br>ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, എൽ.എസ്.ജി.ഡി.അസിസ്റ്റന്റ് |

File No.LSGD-DD2/490/2018/-LSGD

| | | |
|---|---|---|
| | | എഞ്ചിനിയർ, കൃഷി ഓഫീസർ എന്നിവർ ഉൾപ്പെടുന്ന ഇന്റർവ്യൂ സമിതി ചേർന്ന് ഇന്റർവ്യൂ നടത്തി അപേക്ഷകരിൽ നിന്നും തെരഞ്ഞെടുക്കുക . |

4.മേൽ പറഞ്ഞവ കൂടാതെ മൂന്ന് തസ്തികകളിലും പുതിയ ജീവനക്കാരെ നിയമിക്കുന്ന അവസരത്തിൽ ചുവടെ പറയുന്ന നിബന്ധനകൾ പൊതുവായി ബാധകമായിരിക്കുന്നതാണ്.

1.നിഷ്കർഷിച്ചിരിക്കുന്ന വിദ്യാഭ്യാസ യോഗ്യതകൾ സർക്കാർ/ കേരള യൂണിവേഴ്സിറ്റി അംഗീകൃതം അഥവാ തത്തുല്യം ആയിരിക്കണം

2. ഈ ഉത്തരവിന്റെ തീയതി മുതൽ പുതുതായി വരുന്ന ഏതൊരു ഒഴിവിലേക്കും മേൽ പറഞ്ഞ 3 കാറ്റഗറി ജീവനക്കാരെ അതാത് തലത്തിലെ പഞ്ചായത്ത് നിയമിക്കേണ്ടി വരുന്ന സന്ദർഭത്തിലാണ് മേൽ പട്ടികയിലെ യോഗ്യതാ നിബന്ധനകളും നിയമന രീതികളും പാലിക്കപ്പെടേണ്ടത്.

3.എന്നാൽ ഒരു ബ്ലോക്ക്/ ഗ്രാമ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ അക്രഡിറ്റഡ് എഞ്ചിനീയറുടെ ഒഴിവ് വരുന്ന സാഹചര്യത്തിൽ മേൽ പട്ടികയിൽ നിശ്ചയിക്കപ്പെട്ട വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തി പരിചയവുമുള്ള ഓവർസിയർ പ്രസ്തുത സ്ഥാപനത്തിൽ തന്നെ പ്രവൃത്തിയെടുത്ത് വരുന്നുണ്ടെങ്കിൽ ടിയാളെ അതാത് ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾക്ക് പരിഗണിക്കാവുന്നതും അക്രഡിറ്റഡ് എഞ്ചിനീയറായി കമ്മിറ്റി തീരുമാന പ്രകാരം നിയമനം നൽകാവുന്നതുമാണ്.

4. മേൽ ശുപാർശ ചെയ്യപ്പെട്ടിരിക്കുന്ന വിദ്യാഭ്യാസ യോഗ്യതകളും നിയമന രീതിയും ബാധകമാക്കുന്നതിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ പ്രവൃത്തിയെടുത്ത് വരുന്ന കരാർ ജീവനക്കാരെ അവർ നിലവിൽ ജോലി ചെയ്തു വരുന്ന തസ്തികയിൽ കരാർ പുതുക്കി നൽകുന്ന സന്ദർഭത്തിൽ ഒഴിവാക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ബിജുക്കുട്ടൻ എം.എസ്.**

**അഡീഷണൽ സെക്രട്ടറി**

പകർപ്പ്:

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

എല്ലാ ജില്ലാ കലക്ടർ/ജില്ലാ പ്രോഗ്രാം കോഓർഡിനേറ്റർമാർക്കും

എല്ലാ ജില്ലാ ജോയിന്റ് പ്രോഗ്രാം കോഓർഡിനേറ്റർമാർക്കും (മിഷൻ ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

വെബ് &ന്യൂ മീഡിയ (ഐ&പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ